**File No.DT/1969/2020-A1**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 31/10/2020

നമ്പർ:DT/1969/2020-A1

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - സേവനത്തിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമ്മതപത്രം അനുസരിച്ച് റിലീസ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:-
1. സർക്കുലർ നമ്പർ 77/2011/ധന തീയതി 2.11.2011
2. സർക്കുലർ നമ്പർ 64/2014/ധന തീയതി 21.6.2014
3. സർക്കുലർ നമ്പർ 90/2014/ധന തീയതി 8.10.2014
4. ജി.ഒ (പി) നമ്പർ 397/2015/ തീയതി 11.9.2015
5. ജി.ഒ (പി ) നമ്പർ 55 /2019/ധന തീയതി 4 .5 .2019
6. ജി.ഒ (പി) നമ്പർ 67/2020/ തീയതി 27.5.2020
7. 7 .8 .2020 ലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്
8. ഡി.റ്റി/115/2019-ഡി3 നമ്പരായ 10.10 .2020 ലെ യു .ഒ നോട്ട്

2020 ജൂലൈ 31 വരെ സേവനത്തിൽ നിന്നും വിരമിച്ച ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും സൂചന (6) സർക്കാർ ഉത്തരവിലെ അനുബന്ധം 2 (എ) പ്രകാരമുള്ള സമ്മതപത്രം 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ ലഭ്യമാക്കി അയച്ചു തരുവാൻ സൂചന (7) പ്രകാരം ചുറ്ററിയിപ്പ് നൽകിയിരുന്നു. എന്നാൽ കൊറോണ വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഓഡിറ്റ് നടപടി സമയബന്ധിതമായി പൂർത്തിയാക്കി പെൻഷൻ ആനുകൂല്യങ്ങൾ റിലീസ് ചെയ്യുന്നതിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നതിനാൽ സൂചന (7) ൽ പരാമർശിച്ചിട്ടുള്ള കാലയളവ് 31.12.2020 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ആയതിനാൽ **31.12.2020** വരെ സേവനത്തിൽ വിരമിക്കുന്ന ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും സൂചന (6) സർക്കാർ ഉത്തരവിലെ അനുബന്ധം 2 (എ) പ്രകാരമുള്ള സമ്മതപത്രം 200/-രൂപ വിലയുള്ള മുദ്രപത്രത്തിൽ ലഭ്യമാക്കി ഈ കാര്യാലയത്തിൽ അയച്ചു തരുന്നതിനുള്ള തുടർ നടപടികൾ എല്ലാ സ്ഥാപനമേധാവികളും സ്വീകരിക്കേണ്ടതാണ് .

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**
**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി**

To ,

വകുപ്പിലെ എല്ലാ സ്ഥാപന മേധാവികൾക്കും